പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 211 — 10.06.2013 ൽ മറുപടിക്ക്

## സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി പി. അയിഷാപോറ്റി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | 28.05.2011 ലെ പി.എച്ച്.ക്യു. സർക്കുലർ നം. 13/2011 പ്രകാരം ജില്ലകളിലെ ഡി.സി.ആർ.ബി. ഡി.വൈ.എസ്.പി./എ.സി.പി. മാർ, ഓഫീസർ ഇൻ-ചാർജ് ആയും സി.ഐ. വനിതാ സെൽ അസിസ്റ്റന്റ് ഓഫീസർ ആയും, 2 വനിതകൾ ഉൾപ്പെടെ 4 സിവിൽ പോലീസ് ഓഫീസർമാരെയും ഉൾപ്പെടുത്തി ജില്ലാതലങ്ങളിൽ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും എസ്.എച്ച്.ഒ. മാരെ ജുവനൈൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഏതെങ്കിലും കുട്ടികൾ മാനസികമായും ശാരീരികമായും പീഡനം അനുഭവിക്കുന്നു എന്ന വിവരം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന് ലഭിച്ചാൽ നേരിട്ടു പോയും എസ്.എച്ച്.ഒ. മാർക്ക് നിർദ്ദേശം നൽകിയും ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് ? | (ബി) | സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലാ ആഫീസുകളിലും ഈ സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ